(ബി) നെടുമ്പാശ്ശേരിയിലെ പാലത്തിന്റെ നിർമ്മാണത്തിന് ഈ സർക്കാർ എത്ര തുക അനുവദിച്ചു വീതം അറിയിക്കാമോ; ഈ അനുവദിച്ച തുകയിന്റെ വിശദീകരിക്കാമോ ;

(സി) നിശ്ചയമായ ആവശ്യങ്ങൾ ഉയർന്നിട്ടും നെടുമ്പാശ്ശേരി-പിള്ളക്കവല പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(ഡി) നെടുമ്പാശ്ശേരി-പിള്ളക്കവല പാലത്തിന്റെ നിർമ്മാണത്തിന് സ്ഥലമേറ്റെടുപ്പിന്റെ പേരിൽ അനാവശ്യമായി പ്രചരിപ്പിക്കുന്നതിന്റെ ഉടൻതന്നെ നടപടികൾ ഒരു വിധ തടസ്സവും ഇല്ലാതെ പൂർത്തിയാക്കുമോ?

ഉത്തരം

(എ&ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം 3-12-2008-ൽ നിർത്തിവച്ചതാണ്. പാലത്തിന്റെ ഡിസൈനിൽ മാറ്റങ്ങൾ വരുത്തിയതിനുശേഷം ആവശ്യമായ തുക ലഭ്യമാക്കാൻ സർക്കാരിനുമായിട്ടുണ്ട് പ്രവൃത്തി നിർത്തി വച്ചത്. പാലം നിർമ്മാണത്തിനായി 2014-ൽ തുക കൂടി ഉൾപ്പെടുത്തി ഭരണാനുമതി നൽകുകയും പ്രസ്തുത തുക ഉപയോഗിച്ച് സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

(സി&ഡി) സ്ഥലമേറ്റെടുത്ത് നിശ്ചിത തുക ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തിയുടെ തുടർ നടപടി സ്വീകരിക്കാൻ കഴിയും.

ഗ്രാമീണറോഡുകളുടെ ശോചനീയാവസ്ഥ

385 (1470) ശ്രീ. പി. ഉണ്ണിക്കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാരിന്റെ കാലത്ത് എത്ര കിലോമീറ്റർ ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ടെന്ന വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡുകളുടെ നവീകരണത്തിനായി എന്ത് തുക കഴിഞ്ഞ ബഡ്ജറ്റുകളിൽ വകയിരുത്തി എന്നും ആയതിൽ നിന്നും എന്ത് തുക ചെലവഴിക്കാനായി നിശ്ചയിച്ചിരുന്നു എന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത റോഡുകളുടെ നിലവിലെ ശോചനീയാവസ്ഥ ഗൗരവത്തിലെടുക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് 7-1-2012 ലെ പൊ.മ.(നിരത്ത്) നമ്പർ 05/12/പൊ.മ.വ. പ്രകാരം 8570 കിലോമീറ്റർ ഗ്രാമീണ റോഡുകൾ ഏറ്റെടുത്തിട്ടുണ്ട്.

(ബി) വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly